**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 226 | 09.03.2018 -ലെ മറുപടിക്ക്

## തൊഴിൽ നയം

ചോദ്യം | മറുപടി

**ശ്രീ. ബി. സത്യൻ**
**ശ്രീ. കെ. ബാബു**
**ശ്രീ. കെ. കുഞ്ഞിരാമൻ**
**ശ്രീ. പി. ടി. എ. റഹീം**

**ശ്രീ. ടി. പി. രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ നവലിബറൽ നയങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഫലമായി സംഘടിത അസംഘടിത മേഖലകളിൽ നിന്ന് പുറത്താകുന്ന തൊഴിലാളികൾക്ക് പരിരക്ഷ നൽകാൻ സംസ്ഥാന സർക്കാരിന്റെ കരട് തൊഴിൽ നയത്തിൽ ഉള്ള പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംഘടിത അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് പരിരക്ഷ നൽകുന്ന നയമാണ് കരട് തൊഴിൽ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സമസ്ത മേഖലകളിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പ് വരുത്തുകയാണ് സംസ്ഥാന തൊഴിൽ നയം ലക്ഷ്യമിടുന്നത്. |
| (ബി) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ടുള്ള രജിസ്ട്രേഷൻ, ലൈസൻസ് നടപടിക്രമങ്ങൾ ലഘൂകരിക്കാനും ഓൺലൈനാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കാൻ വകുപ്പ് നടത്തുന്ന ഉദ്യമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | എംപ്ലോയ്മെന്റ് വകുപ്പ് മുഖേന കെസ്റു, മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്, ശരണ്യ, കൈവല്യ എന്നീ 4 സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കിവരുന്നു.<br>സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വകുപ്പിനെ സമീപിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും സ്വയം തൊഴിൽ വിഭാഗം ഒരു ഗസറ്റഡ് ഓഫീസറുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു. സാമ്പത്തിക രംഗത്തും വിവര സാങ്കേതിക വിദ്യയിലും സംഭവിച്ചുകൊണ്ടിരിക്കുന്ന നൂതന പ്രവണതകൾക്കനുസരിച്ച് യുവജനങ്ങളിലെ സംരംഭക സന്നദ്ധത വളർത്തിയെടുക്കുന്നതിന് ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും സഹായവും വകുപ്പ് നൽകിവരുന്നു.<br>സ്റ്റാർട്ടപ്പ് സംരംഭകത്വം കരിയറായി തെരഞ്ഞെടുക്കുന്ന പ്രവണത യുവാക്കളിൽ |

| | | | |
|---|---|---|---|
| | | | വർധിച്ചവരുന്ന ഈ കാലഘട്ടത്തിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള യൂണിവേഴ്സിറ്റിയുടെയും, സാങ്കേതിക സർവ്വകലാശാലയുടെയും കീഴിലുള്ള എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി വ്യവസായ സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. കോഴിക്കോട് മേഖലയിൽ പേരാമ്പ്ര ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്റ്റാർട്ടപ്പ് സംരംഭകത്വ പരിശീലന പരിപാടി നൽകുകയുണ്ടായി. സംരംഭകത്വ അഭിരുചിയുള്ള വിദ്യാർത്ഥികൾക്കും യുവാക്കൾക്കും ഏറെ പ്രയോജനപ്രദമായ രീതിയിലുള്ള മൊഡ്യൂളുകൾ തയ്യാറാക്കി അവരെ തൊഴിലന്വേഷകൻ എന്ന നിലയിൽ നിന്നും തൊഴിൽദായകരായി പരിവർത്തനം ചെയ്യുന്നതിന് നടത്തുന്ന ഇത്തരം പരിശീലന പരിപാടികൾക്ക് വൻ പ്രചാരണം ലഭിച്ചിരുന്നു.<br>സ്വയംതൊഴിൽ പദ്ധതികളെക്കുറിച്ച് വ്യക്തമായ അവബോധം ഉണ്ടാക്കുന്നതിന്, ഭിന്നശേഷിക്കാർക്കായി ആവിഷ് ക്കരിച്ചിട്ടുള്ള 'കൈവല്യ' പദ്ധതിയിൽ (ആവശ്യമുള്ളപക്ഷം സഹായികളെക്കൂടി ഉൾപ്പെടുത്തി) ശില്പശാലകളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്. ഡിസംബർ 3 ലോക ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിൽ 'അതിജീവനം' എന്ന പേരിൽ സംഘടിപ്പിച്ച പ്രദർശന വിപണന മേള ഏവരുടെയും ശ്രദ്ധ നേടുകയുണ്ടായി.<br>സ്വയംതൊഴിൽ പദ്ധതികളുടെ ഗുണഭോക്താക്കളുടെ/സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ വിപണനമേളകൾ, ഓണം, ക്രിസ്തുമസ്, തുടങ്ങിയ ആഘോഷാവസരങ്ങളിൽ സംഘടിപ്പിക്കാറുണ്ട്. |
| (ഡി) | മൾട്ടി പർപ്പസ് ജോബ് ക്ലബ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | | കേരളത്തിലെ ഏതെങ്കിലും എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് വേണ്ടി വകുപ്പ് നടത്തുന്ന വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളും അവയുടെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽരഹിതർ നടത്തുന്ന ജോബ് ക്ലബ്ബുകളുമാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ രജിസ് ട്രേഷൻ നിലവിലുള്ളവരുമായിരിക്കണം അപേക്ഷകർ. എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും പ്രവർത്തി കാര്യക്ഷമതാ പരിശീലനം സിദ്ധിച്ചവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാവുന്നതാണ്. എന്നാൽ ആകെ ഗുണഭോ |

| | | | |
|---|---|---|---|
| | | | ക്താക്കളിൽ ഇത്തരക്കാർ 10 ശതമാനത്തിൽ കൂടാൻ പാടുള്ളതല്ല. വാർഷിക കുടുംബ വരുമാനം 1,00,000/- രൂപയിൽ കവിയാൻ പാടില്ല.<br>ഒരു ജോബ് ക്ലബിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും അംഗങ്ങളാകാവുന്നതാണ്. എന്നാൽ ഹോംനേഴ്സ്, ഹോംമെയ്ഡ് എന്നീ ക്ലബുകൾക്ക് വനിതകൾക്ക് മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ.<br>പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും തൊഴിൽരഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കും മുൻഗണന ഉണ്ടായിരിക്കും. കൂടാതെ സംസ്ഥാന വ്യവസായ പരിശീലന വകുപ്പ് പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്ന "പ്രവൃത്തി കാര്യക്ഷമതാ സർട്ടിഫിക്കറ്റ്" കരസ്ഥമാക്കിയിട്ടുള്ളവർക്കും, സംസ്ഥാന ഐ.റ്റി.ഐ, ഐ.റ്റി.സി, പോളിടെക്നിക് എന്നിവയിൽ ഏതിലെങ്കിലും നിന്ന് വിവിധ ട്രേഡുകളിൽ പരിശീലനം നേടിയവർക്കും ജനശിക്ഷൺ സൻസ്ഥാൻ, റൂഡ് സെറ്റ് എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ പരിശീലനം നേടിയവർക്കും ബിരുദധാരികളായ വനിതകൾക്കും മുൻഗണന നൽകുന്നതാണ്. എല്ലാ പ്രവൃത്തി ദിവസങ്ങളിലും പദ്ധതികളുടെ അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പരിശോധനയ്ക്കുശേഷം ജില്ലാ കമ്മിറ്റിക്ക് സമർപ്പിക്കുന്നു. ജില്ലാ കമ്മിറ്റി പരിശോധിച്ച് അപേക്ഷകർ അനുയോജ്യരാണോ, പ്രോജക്ട് നടപ്പിലാക്കാൻ കഴിയുന്നതാണോ എന്നീ കാര്യങ്ങൾ പരിശോധിച്ച്, അംഗീകരിച്ച അപേക്ഷകൾ ധനകാര്യ സ്ഥാപനങ്ങളിലേക്ക് ശിപാർശ ചെയ്യുന്നു. ഒരു ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നു. ഓരോ ക്ലബ്ബിനും വായ്പാതുകയുടെ 25 % സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) നൽകുന്നു. പ്രോജക്ട് നടത്തിപ്പിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി വായ്പത്തുകയുടെ 10% ഓരോ അംഗവും തങ്ങളുടെ വിഹിതമായി ആദ്യം തന്നെ നിക്ഷേപിക്കേണ്ടതാണ് |

സെക്ഷൻ ഓഫീസർ